**കേരള സർക്കാർ**

**സംഗ്രഹം**

മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധി - കാലവർഷക്കെടുതി മൂലം നാശനഷ്ടം സംഭവിച്ച കുടുംബങ്ങൾക്ക് ആശ്വാസധന സഹായം വിതരണം ചെയ്യുന്നതിലേക്കായി കോട്ടയം ജില്ലാ കളക്ടർ ആവശ്യപ്പെട്ട അധിക തുക മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നും അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**റവന്യൂ (ഡി ആർ എഫ് - ബി) വകുപ്പ്**

**സ.ഉ.(സാധാ) നമ്പർ : 3619/ 18 /റവ.** **തിരുവനന്തപുരം തീയതി, 01/09/2018**

പരാമർശം - 1. സ. ഉ. (കൈ )നം. 13 /2018 / ദു.നി .വ. തീയതി 16/08/2018

2. സ. ഉ. (കൈ )നം. 314 /2018 / റവ. തീയതി 24/08/2018

3. കോട്ടയം ജില്ലാ കളക്ടറുടെ 30/08/2018 -ലെ DM1-5151-2018 നമ്പർ കത്ത്.

**ഉത്തരവ്**

പരാമർശം (1) പ്രകാരം കാലവർഷക്കെടുതിയിൽ നാശനഷ്ടം സംഭവിച്ച കുടുംബങ്ങൾക്ക് ആശ്വാസധനസഹായമായി 10,000/- രൂപ സർക്കാർ പ്രഖ്യാപിക്കുകയും അതിൽ 6,200/- രൂപ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നും നൽകുന്നതിനായി ഉത്തരവാകുകയും ചെയ്തിരുന്നു .തുടർന്ന് 14 ജില്ലകളിൽ 3,91,494 കുടുംബങ്ങൾക്ക് ആകെ 242.73 കോടി രൂപ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നും പരാമർശം 2 പ്രകാരം ആശ്വാസധനസഹായം അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തു.

2. കോട്ടയം ജില്ലാ കളക്ടറുടെ പരാമർശം (3) ലെ ശുപാർശ പരിഗണിച്ച് പരാമർശം (2) പ്രകാരം കോട്ടയം ജില്ലയിലെ 40120 കുടുംബങ്ങൾക്ക് ആയി അനുവദിച്ച 24,87,44,000/- (ഇരുപത്തിനാല് കോടി എൺപത്തി ഏഴ് ലക്ഷത്തി നാല്പത്തി നാലായിരം) രൂപക്ക് പുറമെ 46660 കുടുംബങ്ങൾക്ക് കൂടി മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നും **28,92,92,000/- (ഇരുപത്തി എട്ട് കോടി തൊണ്ണൂറ്റി രണ്ട് ലക്ഷത്തി തൊണ്ണൂറ്റി രണ്ടായിരം)** രൂപ ആശ്വാസധനസഹായമായി അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു

3. വിതരണത്തിനാവശ്യമായിവരുന്ന **28,92,92,000/- (ഇരുപത്തി എട്ട് കോടി തൊണ്ണൂറ്റി രണ്ട് ലക്ഷത്തി തൊണ്ണൂറ്റി രണ്ടായിരം)** രൂപ 2075-00-800-40 Contribution to Chief Minister's Distress Relief Fund (NP) എന്ന ശീർഷകത്തിൽ നിന്നും മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയുടെ ഖജാൻജിയായ ധനകാര്യ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പേരിലുള്ള T. P. 80 അക്കൗണ്ടിൽ നിന്നും തുക ബന്ധപ്പെട്ട കോട്ടയം ജില്ലാ കളക്ടർക്ക് അനുവദിക്കേണ്ടതും ജില്ലാ കളക്ടർ തുക വിതരണം ചെയ്യുന്നതിനാവശ്യമായ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

**(ഗവർണറുടെ ഉത്തരവിൻ പ്രകാരം)**
**സന്തോഷ് കുമാർ. ടി.കെ**
**ജോയിന്റ് സെക്രട്ടറി**

ലാന്റ് റവന്യൂ കമ്മിഷണർ ,തിരുവനന്തപുരം
ജില്ലാ കളക്ടർ ,കോട്ടയം
മെമ്പർ സെക്രട്ടറി ,സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി ഒബ്സർവേറ്ററി ഹിൽസ്,വികാസ് ഭവൻ ,തിരുവനന്തപുരം
ധനകാര്യ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി (മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധി ഖജാൻജി)
ബഹു.മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി
ബഹു.റവന്യൂവകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി
ജില്ലാ ട്രഷറി ഓഫീസർ, കോട്ടയം (ട്രഷറി ഡയറക്ടർ ,തിരുവനന്തപുരം മുഖാന്തിരം)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ് എ & ഇ ) കേരള തിരുവനന്തപുരം
റവന്യൂവകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി എ യ്ക്ക്
ധനകാര്യ (ഫണ്ട്സ്) വകുപ്പ്
റവന്യൂ (ഡി ആർ എഫ് - എ, സി) വകുപ്പ്
ദുരന്ത നിവാരണ (എ, ബി ) വകുപ്പ്
വിവര പൊതുജന സമ്പർക്ക (വെബ്/ന്യൂ മീഡിയ) വകുപ്പ്.
കരുതൽ ഫയൽ/ഓഫീസ് കോപ്പി

**ഉത്തരവിൻ പ്രകാരം**

സെക്ഷൻ ഓഫീസർ